## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3502 — 19.10.2016 -ലെ മറുപടിക്ക്.

### ചാത്തന്നൂർ നിയോജക മണ്ഡലത്തിലെ കൺസ്ട്രക്ഷൻ അക്കാദമി

| ചോദ്യം<br>**ശ്രീ.ജി.എസ്.ജയലാൽ** | മറുപടി<br>**ശ്രീ.ടി.പി.രാമകൃഷ്ണൻ**<br>**(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി)** |
|---|---|
| (എ) ചാത്തന്നൂർ നിയോജക മണ്ഡലത്തിലെ കൺസ്ട്രക്ഷൻ അക്കാദമിയുടെ ആവശ്യത്തിനായി ചാത്തന്നൂർ സഹകരണ സ്പിന്നിംഗ് മിൽ പകരം തന്ന 16 സെന്റ് ഭൂമിയുടെ ആധാരം രജിസ്റ്റർ ചെയ്ത് പോക്ക് വരവ് നടത്തിയിട്ടുണ്ടോ; ആയത് വിശദമാക്കാമോ;<br><br>(ബി) ചാത്തന്നൂർ കൺസ്ട്രക്ഷൻ അക്കാദമിക്കായി ഏറ്റെടുത്ത സ്ഥലത്ത് കൺസ്ട്രക്ഷൻ അക്കാദമിയോ സമാന സ്ഥാപനങ്ങളോ സ്ഥാപിക്കുന്നതിന് ഈ സർക്കാർ അടിയന്തിര പരിഗണന നൽകുമോ; ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (എ)&(ബി) പോക്ക് വരവ് നടത്തിയിട്ടില്ല. കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമ ബോർഡിന്റെ കീഴിൽ, ഹൈദരാബാദിൽ നിലവിലുള്ള കൺസ്ട്രക്ഷൻ അക്കാദമിയുടെ മാതൃകയിൽ ഒരു സ്ഥാപനം ആരംഭിക്കുന്നതിന് 11/08/2009-ൽ സർക്കാർ അനുമതി നൽകുകയുണ്ടായി. തുടർന്ന് വ്യവസായ വകുപ്പിന്റെ ഉത്തരവ് പ്രകാരം കൊല്ലം ജില്ലയിലെ ചാത്തന്നൂരിൽ പ്രവർത്തിക്കുന്ന കൊല്ലം സഹകരണ സ്പിന്നിംഗ് മിൽസ് ലിമിറ്റഡിന്റെ ഉടമസ്ഥതയിലുള്ള 10 ഏക്കർ സ്ഥലം കൺസ്ട്രക്ഷൻ അക്കാദമി സ്ഥാപിക്കുന്നതിനുവേണ്ടി 23/02/2011 - ൽ വിലയ്ക്ക് വാങ്ങി. തുടർന്ന് കേരള കൺസ്ട്രക്ഷൻ അക്കാദമി സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ നടപടിയുടെ ഭാഗമായി അക്കാദമിക്കുവേണ്ടി വിലയ്ക്ക് വാങ്ങിയ 10 ഏക്കർ വസ്തുവിന് ചുറ്റുമതിൽ കെട്ടുന്നതിനുള്ള നടപടി സ്വീകരിക്കവെ, ടി വസ്തുവിന്റെ ഒരു ഭാഗത്ത് സ്പിന്നിംഗ് മില്ലിന്റെ ഇലക്ട്രിക്കൽ സംവിധാനങ്ങൾ ഉൾപ്പെടുന്നതിനാൽ ടി സ്ഥലം തിരികെ ലഭിച്ചില്ലെങ്കിൽ ആയത് സ്പിന്നിംഗ് മില്ലിന്റെ പ്രവർത്തനത്തെ ബാധിക്കുമെന്നും, ആയതിനാൽ പ്രസ്തുത ഇലക്ട്രിക് സംവിധാനങ്ങൾ ഉൾപ്പെടുന്ന വസ്തു സ്പിന്നിംഗ് മില്ലിന് തിരികെ നൽകണമെന്നും ഇതിന് പകരമായി അനുയോജ്യമായ വസ്തു |

| | |
|---|---|
| | നൽകാമെന്നും മിൽ അധികൃതർ അറിയിച്ചതിനെ തുടർന്ന് നൽകേണ്ട ഭൂമിയും ഏറ്റെടുക്കേണ്ട ഭൂമിയും 21/07/2012- ൽ അളന്ന് തിട്ടപ്പെടുത്തുകയുണ്ടായി. ഇപ്രകാരം മില്ലിന് 6.48 ആർ (16 സെന്റ്) സ്ഥലത്തിന് പകരം ദേശീയപാതയോടു ചേർന്നുള്ള വസ്തു കൺസ്ട്രക്ഷൻ അക്കാദമിക്കായി ഏറ്റെടുക്കുന്നതിന് 20/12/2012-ൽ ധാരണാ പത്രം ഒപ്പിട്ടു. കൂടാതെ ഇപ്രകാരം കൈമാറ്റം ചെയ്യുന്ന 16 സെന്റ് വസ്തു അളന്ന് തിരിച്ച് സർവ്വെക്കല്ല് സ്ഥാപിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**